**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035

ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in

ഇ-മെയിൽ: dhskerala@gmail.com, dhskerala.hsd@kerala.gov.in

---

## അനുബന്ധം എച്ച്. 4

## കേരള സംസ്ഥാന ആരോഗ്യ വകുപ്പ്

നം. ആ.വ.ഡ./29716/2024-ഇസി.1 തീയതി: 25-11-2025

## നോട്ടീസ്

ഇടുക്കി ജില്ലയിലെ തൊടുപുഴ ജില്ലാ ആശുപത്രിയിലെ നേഴ്സിംഗ് ആഫീസർ ഗ്രേഡ്-I ആയ ശ്രീമതി. സരിത ശ്രീധരൻ (PEN: 339221) എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ, 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണനടപടി നിങ്ങൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന നിങ്ങളുടെ എതിർവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ നിങ്ങളോടു നിർദ്ദേശിച്ചു കൊണ്ടുള്ള കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള ചാർജ് മെമ്മോയും കുറ്റപത്രവും 21/01/2025 തീയതിയിലെ ആ.വ.ഡ./29716/2024-ഇസി.1 നമ്പർ പ്രകാരം, ഏറ്റവും ഒടുവിൽ അറിയാവുന്ന നിങ്ങളുടെ മേൽവിലാസത്തിൽ അയച്ചിരുന്നു. എന്നാൽ പ്രസ്തുത ചാർജ് മെമ്മോ വിതരണം ചെയ്യപ്പെടാതെ "No such addressee at Kalayanthani" എന്ന പുറത്തെഴുത്ത് സഹിതം പോസ്റ്റൽ അധികാരികൾ ഡിപ്പാർട്ടുമെന്റിലേയ്ക്ക് മടക്കി. അതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ നിങ്ങൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന്, നിങ്ങളുടെ ലിഖിതമായ എതിർവാദ പത്രികയോ മറ്റു

വിശദീകരണമോ ലഭിക്കാത്തപക്ഷം നിങ്ങൾക്കു യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും, അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള പ്രസ്തുത കുറ്റാരോപണ മെമ്മോയുടെ പൂർണ്ണരൂപം നിശ്ചിത കാലാവധിക്കു മുമ്പ് ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്), ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ൽ നിന്നും ഓഫീസ് പ്രവൃത്തി സമയങ്ങളിലോ, അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ നിങ്ങളുടെ മേൽവിലാസം നൽകിക്കൊണ്ട്, നിങ്ങൾ നൽകുന്ന അപേക്ഷയിന്മേലോ നിങ്ങൾക്ക് വാങ്ങാവുന്നതാണ്.

Signed by
Shinu K S
Date: 25-11-2025 18:03:10

ഡോ. ഷിനു. കെ. എസ്.
ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ
(അഡ്മിനിസ്ട്രേഷൻ & ട്രെയിനിങ്)

സ്വീകർത്താവ്:

ശ്രീമതി. സരിത ശ്രീധരൻ,
നേഴ്സിംഗ് ആഫീസർ ഗ്രേഡ്-I,
ജില്ലാ ആശുപത്രി, തൊടുപുഴ
ഇടുക്കി ജില്ല.